Clock Tower—Ernakulam.

261. Mr. Paul Mampilli.—Will the Government be pleased to state whether they are not aware of the great inconvenience to the public owing to the absence of a clock tower at Ernakulam, the capital of the State?

Mr. V. K. Aravindaksha Menon.—No representation has been received by the Government so far about the inconvenience caused to the public owing to the absence of a tower clock at Ernakulam.

Complaints from contractors—Protector's Department.

262. മിസ്റ്റർ കെ. പി. വള്ളോൻ.—എ. കഴിഞ്ഞ മൂന്നു കൊല്ലത്തിനുള്ളിൽ അധ്വാതസംരക്ഷകൻ തന്നെ ഡിപ്പാർട്ട്മെണ്ടിലുള്ള ഏതെങ്കിലും മരാമത്തുകളെ പുസ്തകം സ്റ്റേഷനറി മുതലായവ സപ്ലൈചെയ്യുന്നതിനോ, ടെണ്ടർ വിളിച്ചു കൊടുത്തിട്ടുണ്ടെങ്കിൽ അവയുടെ തിയ്യതിയും സംഖ്യയും കൺട്രാക്ടർമാരുടേയും മറ്റു ടെണ്ടർമാരുടേയും പേരുകളും;

ബി. ടെണ്ടറുകൾ ക്ഷണിക്കാതെ ടി മൂന്നുകൊല്ലത്തിൽ സംരക്ഷകൻമുഖാന്തരം ടി സംഗതികളിൽ ഏല്പിച്ചിട്ടുള്ള കൺട്രാക്ടുകളുടെ എണ്ണം, തിയ്യതികൾ, സംഖ്യകൾ, കൺട്രാക്ടുകാരുടെ പേരുകൾ; ഉദ്യോഗപ്പേരുകൾ;

സി. ടെണ്ടർക്ഷണിക്കാതെ കൺട്രാക്ടുകൾ കൊടുത്തിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം?

രാമവർമ്മ തമ്പുരാൻ.—എ. ടെണ്ടർ വിളിച്ചു കൊടുത്തിട്ടുള്ള പണികളുടെ ഒരു ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. (*Appendix I.*)

ബി. അധ്വാതാധാരണത്തിനുവേണ്ടി കഴിഞ്ഞ മൂന്നു കൊല്ലത്തിനുള്ളിൽ ഡിപ്പാർട്ട്മെണ്ടിൽനിന്നും വളരെ പണികൾ നടത്തീട്ടുണ്ട്. ആ പണികൾ നടത്തിയ ചില്ലറ കരാറുകാർക്കും പുറമെ സ്റ്റാഫ് മാനേജർമാർ, ഹെഡ്മാസ്റ്റർമാർ, ഇൻഡസ്ട്രിയൽ-സ്റ്റാഫ് അധികൃതന്മാർ, കച്ചവടക്കാർ എന്നിങ്ങനെ സ്റ്റാഫ് സമ്പാദിക്കുകൾ സപ്ലൈചെയ്തിട്ടുള്ളവരും ഉൾപ്പെടെ ആയിരത്തിൽപരം ആളുകൾ ഉള്ളതുകൊണ്ട് അവരുടെ പേരുകൾ എല്ലാം അടങ്ങിയ ഒരു സ്റ്റോറുമെന്ന് തയ്യാറാക്കുന്നതിനുള്ള ബുദ്ധിമുട്ടിനും സമയവ്യയത്തിനും തക്ക പ്രയോജനം യാതൊന്നും ഉണ്ടെന്നു തോന്നുന്നില്ല.

സി. ഈ ഡിപ്പാർട്ട്മെണ്ടിലെ പണികളെല്ലാം കഴിയുന്നതും അധികൃതരെക്കൊണ്ടുതന്നെ ചെയ്യിച്ച് അവയ്ക്ക് ഒരു ആഹാരമാർഗ്ഗം ഉണ്ടാക്കി കൊടുക്കണമെന്നുള്ള ഉദ്ദേശംകൊണ്ടാണ് ഡിപ്പാ

LIBRARY ARCHIVES Kerala Legislative Assembly

ട്ട്മെണ്ടിന്റെ ആരംഭം മുതൽ ടെണ്ടർ കൂടാതെ കൺട്രാക്ട് കൊടുത്തിരുന്നത്. അധ്യാപകവിദ്യാർത്ഥികൾക്ക് സപ്ലൈചെയ്യുന്ന കാര്യത്തിൽ സ്കൂളുകൾ തുറന്ന ഒരു മാസംകഴിയുന്നതുവരേയും പ്രവേശനമുള്ളതും അതിനുശേഷംമാത്രം ഓരോ ക്ലാസുകളിലുള്ള കുട്ടികളുടെ എണ്ണവും ആവശ്യവും തിട്ടപ്പെടുത്തി ഇൻഡെന്റുകൾ തയ്യാറാക്കി സംരക്ഷകന്റെ ആപ്പീസ്സിലേക്ക് അയക്കുവാൻ സാധിക്കുന്നതും ആവക ഇൻഡെന്റുകൾ ആപ്പീസ്സിൽ പരിശോധിച്ചു ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള താമസം ഒഴിച്ചു കൂടാത്തതും അതിനുശേഷം ടെണ്ടർ വിളിക്കുന്നതായാൽ കൂടുകൾക്കു സപ്ലൈ കിട്ടുവാൻ വളരെ കാലതാമസം നേരിടുന്നതുകൊണ്ടു വിദ്യാഭ്യാസ ഡയറക്ടർ നടപ്പാക്കീട്ടുള്ള ചട്ടം അനുസരിച്ചു ഡിപ്പാർട്ട്മെണ്ടുവഴി സപ്ലൈ നടത്തുകയാണു ചെയ്യുന്നത്. ഇപ്പോൾ മരാമത്തുപണികളെല്ലാം ടെണ്ടർ വിളിച്ചാണു കൊടുക്കുന്നത്.

മിസ്റ്റർ. കെ പി. വള്ളോൻ.—പുസ്തകവും മറ്റും വിതരണം ചെയ്യുവാൻ ഏല്പിച്ചിരിയ്ക്കുന്നവരുടെ പേര് ഈ ലിസ്റ്റിൽ കാണുന്നില്ല, അതു ടെണ്ടർ കൂടാതേയാണോ ഏല്പിച്ചിരിയ്ക്കുന്നത്?

രാമവർമ്മതമ്പുരാൻ.—ഓരോ ഏതു സബ്ജെക്ടിനെ പറ്റിയുള്ളതാണ്?

മിസ്റ്റർ കെ. പി. വള്ളോൻ.—സബ്ജെക്ടിനെപ്പറ്റി.

രാമവർമ്മതമ്പുരാൻ.—പുസ്തകങ്ങളെല്ലാം ഹെഡ്മാസ്റ്റർമാർ മുഖാന്തിരമാണ് ഡിസ്ട്രിബ്യൂട്ട് ചെയ്യുന്നത്.

മിസ്റ്റർ കെ. പി. വള്ളോൻ.—കച്ചവടക്കാരെ ഏല്പിച്ചിട്ടുണ്ടോ?

രാമവർമ്മതമ്പുരാൻ.—കച്ചവടക്കാർ മുഖാന്തിരം ഹെഡ്മാസ്റ്റർമാർക്കയച്ചുകൊടുത്തു് ഹെഡ്മാസ്റ്റർമാർ ഡിസ്ട്രിബ്യൂട്ട് ചെയ്തുവരുന്നു.

മിസ്റ്റർ കെ. പി. വള്ളോൻ.—കച്ചവടക്കാരേയും ഹെഡ്മാസ്റ്റർമാരേയും ഒഴിച്ചു ബാക്കിയുള്ള ആളുകളെ ഈ വക കാര്യങ്ങൾ ഏല്പിച്ചു കൊടുത്തിട്ടില്ലേ?

രാമവർമ്മതമ്പുരാൻ.—അതൊന്നും കൺട്രാക്ടുകളുടെ കൂട്ടത്തിൽ പെട്ടിരുന്നില്ല. പുസ്തകം അങ്ങാടിയിൽ നിന്നും വിലക്കു വാങ്ങി ഹെഡ്മാസ്റ്റർമാർ മുഖാന്തിരം കുട്ടികൾക്കു സപ്ലൈ ചെയ്യുന്നു. ഇതിനെല്ലാം കൺട്രാക്ടുകൊടുക്കേണ്ട ആവശ്യം തന്നെയില്ല ഈ കാര്യത്തിൽ കൺട്രാക്ടു എന്നു പറയുന്നത് എന്താണെന്നും മനസ്സിലാകുന്നില്ല.

മിസ്റ്റർ എ. ഇയ്യച്ചരമേനോൻ.—ഈ സംഗതിയ്ക്ക് മുന്നൂറിലധികം കൺട്രാക്ടർമാർ ഈ രാജ്യത്തുണ്ടായിരുന്നില്ലെന്നാണോ ഗവർമ്മെണ്ടു പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

രാമവമ്മതമ്പുരാൻ.—ഇങ്ങനെയാണു് ആൻസർ കിട്ടീട്ടുള്ളതു്.

Protector's Department.

263. മിസ്റ്റർ കെ. പി. വള്ളോൻ.—സംരക്ഷകന്റെ അനീതിപരമായ ഡിപ്പാർട്ട്മെണ്ടു ഭരണത്തെ കുറിച്ചുള്ള ആക്ഷേപങ്ങളെക്കുറിച്ചു് ഗവമ്മെണ്ടു വല്ല അന്വേഷവും നടത്തീട്ടുണ്ടോ. ഉണ്ടെങ്കിൽ അന്വേഷണ ഫലമെന്തു്?

രാമവമ്മ തമ്പുരാൻ.—സംരക്ഷകന്റെ ഡിപ്പാർട്ട്മെണ്ടു ഭരണം അനീതിപരമാണെന്നു ഗവമ്മെണ്ടിനു തോന്നീട്ടില്ല. ഗവമ്മെണ്ടിനു കിട്ടീട്ടുള്ള ആക്ഷേപങ്ങളേയും ആവലാതികളേയും കുറിച്ചു് അന്വേഷണം നടത്തിയിടത്തോളം അവകൊം അടിസ്ഥാനരഹിതങ്ങളാണെന്നു കാണപ്പെട്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ ഡിപ്പാർട്ട്മെണ്ടിന്റെ പണികളെല്ലാം അധികൃതരെ കൊണ്ടാണു് ചെയ്യിക്കുന്നതെന്നു പറഞ്ഞിരിക്കുന്നു; അധികൃതരല്ലാത്തവരെകൊണ്ടു ചെയ്യിച്ചിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—ചോദ്യം. ന്യായമായ ചോദ്യത്തിൽ പെട്ടതല്ല ഈ ചോദ്യം.

മിസ്റ്റർ കെ. പി. വള്ളോൻ.—ഈ കാലനായിൽ പണികൊം നടത്തീട്ടുള്ളവർക്കു് സുഖമുഴുവൻ കൊടുത്തിട്ടില്ലെന്നുള്ള ആവലാതികളെ പറ്റി ഗവമ്മെണ്ടിനറിയാമോ?

രാമവമ്മതമ്പുരാൻ.—രണ്ടുമൂന്നാക്ഷേപങ്ങൾ വന്നിട്ടുണ്ടെന്നു മുമ്പു തന്നെ ചോദിച്ച ഒരു ചോദ്യത്തിനു മറുപടി പറഞ്ഞിട്ടുണ്ടു.

മിസ്റ്റർ കെ. പി. വള്ളോൻ.—അതിനെ പറ്റി ഗവമ്മെണ്ടു് അന്വേഷിച്ചിട്ടുണ്ടോ

രാമവമ്മതമ്പുരാൻ.—അതിൽ ഒരു സന്യാസിയുടേയോ മറ്റോ റിട്ടൺ-കമ്പ്ലെയിന്റു് മാത്രമേ ഉണ്ടായിരുന്നുള്ളു. അതിനെ പറ്റി അന്വേഷിച്ചതിൽ അവാസ്തവമാണെന്നു കണ്ടു. അതല്ലാതെ റിട്ടൺ കമ്പ്ലെയിന്റായിട്ടു് ഒന്നും കിട്ടീട്ടില്ല.

മിസ്റ്റർ കെ. പി. വള്ളോൻ.—നെട്ടർ കോളനായിൽ നിന്നും വല്ല പരാതികളും കിട്ടിയിട്ടുണ്ടോ?

രാമവമ്മതമ്പുരാൻ.—നിശ്ചയമില്ല.

Labour Inspector's post—application from Mr. K. P. Vallon.

264 മിസ്റ്റർ കെ. പി. വള്ളോൻ.—ലേബർ ഇൻസ്പെക്ടരുടെ പോസ്റ്റിനു കെ. പി. വള്ളോൻ അപേക്ഷകനായിരുന്നെങ്കിൽ ടി അപേക്ഷയുടെ ഒരു നകലായകോപ്പു് ഈ മേശപ്പുറത്തു ഗവമ്മെണ്ടു് ദയവായി വെയ്ക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

have received till now for loans from the five lakhs set apart for agricultural relief and the total amount applied for ?

Mr. K. Achyuta Menon.—(1) 311 applications have been received till 28th Kumbham 1109.

(2) The total amount is Rs. 10,06,003—12—0.

APPENDIX I.

(Vide answer to Question No. 262).

നമ്പർ	പണി	തീയ്യതി	സംഖ്യ	കൺടാക്ടരുടെ പേരു
1	വരവൂർ കിണർ കുഴിക്കൽ	16—6—1109	Rs. 200	മുല്ലാറമ്പൻ
2	വേലൂർ ടി	ടി	Rs. 200	പുലയൻ കോരൻ മണികണ്ടൻ
3	ഇരിങ്ങാലക്കുട ടി	ടി	Rs. 200	പോങ്ങൻ
4	മടത്തിക്കുന്നു ടി	ടി	Rs. 200	കുട്ട്യാത്തൻ കുഞ്ഞൻ
5	കൊടകര ടി	ടി	Rs. 200	തിരുത്തെക്കാട്ടിൽ പറയൻ കുഞ്ഞയ്യപ്പൻ
6	അഷ്ടമിച്ചിറ ടി	ടി	Rs. 200	പൂതാട്ടിൽ പുലയൻ ചാത്തൻ
7	മലയാറ്റൂർ ടി	ടി	Rs. 200	പുലയൻ പെരുമ്പിള്ളി കൊച്ചാലു
8	അരാകുന്നം ടി	ടി	Rs. 200	മൈലൻ
9	എടക്കാട്ടുവയൽ ടി	ടി	Rs. 200	എ. കുഞ്ഞുണ്ണി, വെണ്ടുരുത്തി
10	വരന്തരപ്പിള്ളി പാറ പൊട്ടിക്കൽ	ടി	Rs. 100	സി. എം. ചാത്തു
11	കൈപ്പട്ടൂർ ടി	ടി	Rs. 50	വാരിയത്തുപറമ്പിൽ അയ്യപ്പൻ കുമ്പൻ
12	കുലയേറിക്കര ടി	ടി	Rs. 50	മടത്തിപറമ്പിൽ ചാത്തൻ ചോതി

LIBRARY ARCHIVES Kerala Legislative Assembly